സൈബർ പാർക്കിൽ ജോലി നേടാം

തിരുവനന്തപുരം

കേരള നോളജ് ഇക്കോണമി മിഷനും കോഴിക്കോട് സൈബർ പാർക്കും കോഴിക്കോട് ഫോറം ഫോർ ഐടിയും സംയുക്തമായി കോഴിക്കോട് സൈബർ പാർക്കിൽ 13, 14 തീയതികളിൽ ജോബ് ഫെയർ സംഘടിപ്പിക്കും.

കേരള നോളജ് ഇക്കോണമി മിഷന്റ കേരള സ്കിൽസ് എക്സ്പ്രസ് ക്യാമ്പയിനിൽ രജിസ്റ്റർ ചെയ്ത അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും പിജി വിദ്യാർഥികൾക്കും മുൻഗണന. സൈബർ പാർക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 60ൽപ്പരം കമ്പനിയിൽനിന്നുമുള്ള 1500ലധികം ഐടി, നോൺ ഐടി വിഭാഗത്തിൽപ്പെടുന്ന തൊഴിലവസരങ്ങൾ ജോബ് ഫെയറിലുണ്ട്. പങ്കെടുക്കാൻ www.knowledgemission.kerala.gov.in മുഖേന അപേക്ഷിക്കാം.

മണിപ്പുരിൽനിന്ന് രക്ഷപെട്ട് ബിഷപ് നാട്ടിലെത്തി

കോട്ടയം

മണിപ്പൂർ കലാപത്തിൽനിന്ന് രക്ഷപ്പെട്ട ബിഷപ് നാട്ടിലെത്തി. പാലാ രൂപതാംഗമായ മാർ ജോസ് മുകാലയാണ് സുരക്ഷിതനായി നാട്ടിലെത്തിയത്.

മണിപ്പൂരിൽ ഇദ്ദേഹം വൈദിക സേവനം നടത്തിയിരുന്ന പള്ളിയും സമീപത്തുള്ള പള്ളിയും കഴിഞ്ഞ ദിവസം അക്രമികൾ തകർത്തിരുന്നു. "അക്രമികളെ പുരോഹിതർചേർന്ന് അനുനയിപ്പിച്ച് തിരിച്ചയച്ചതാണ്. എന്നാൽ അവർ വീണ്ടും വന്ന് പള്ളികൾ തകർക്കുകയായിരുന്നു." – ബിഷപ് പറഞ്ഞു. "പ്രദേശത്തെ പ്രത്യേക വിഭാഗക്കാരാണ് ആക്രമണം നടത്തിയത്. സൈന്യവും പൊലീസും ഇടപെട്ടാണ് ഞങ്ങൾക്ക് താമസിക്കാൻ ഇടമൊരുക്കിയതും തിരിച്ചുവരാൻ സൗകര്യമൊരുക്കിയതും" – ജോസ് മുകാല പറഞ്ഞു.

അസാപ് കേരളയ്ക്ക് ഡിജിസിഎ അനുമതി

ആദ്യ അംഗീകൃത ഡ്രോൺ പൈലറ്റിങ് പരിശീലനകേന്ദ്രം കാസർകോട്ട്

സ്വന്തം ലേഖിക

തിരുവനന്തപുരം

ഡ്രോൺ പറത്തലിൽ പരിശീലനം നൽകാൻ അസാപ് കേരളയ്ക്ക് കേന്ദ്ര അംഗീകാരം. പരിശീലനം നൽകുന്നതിനും സർട്ടിഫിക്കേഷനും കേന്ദ്ര സർക്കാരിന്റെ വ്യോമഗതാഗത നിയന്ത്രണ ഏജൻസിയായ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനാണ് (ഡിജിസിഎ) അംഗീകാരം നൽകിയത്. ഈ അംഗീകാരമുള്ള കേരളത്തിലെ ഏക സ്ഥാപനമാണ് അസാപ്.

അസാപ്പിന്റെ കാസർകോട് കമ്യൂണിറ്റി സ്കിൽ പാർക്കിലാണ് പരിശീലനം നൽകുക. എറണാകുളം ആസ്ഥാനമായ ഓട്ടോണമസ് അൺമാൻഡ് ഏരിയൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡാണ് പരിശീലന പങ്കാളി. 96 മണിക്കൂർ ദൈർഘ്യമുള്ള എക്സിക്യൂട്ടീവ് പ്രോഗ്രാം ഇൻ സ്മോൾ കാറ്റഗറി ഡ്രോൺ പൈലറ്റിങ് കോഴ്സ് 16 ദിവസത്തിൽ പൂർത്തിയാക്കാം. അഞ്ചുദിവസത്തെ ഡിജിസിഎ ലൈസൻസിങ് പ്രോഗ്രാമും ഇതിലുൾപ്പെടും. 3ഡി മാപ്പിങ്, യുഎവി സർവേ, യുഎവി അസംബ്ലി ആൻഡ് പ്രോഗ്രാമിങ്, ഡ്രോൺ ഉപയോഗിച്ചുള്ള ഛായാഗ്രഹണം തുടങ്ങിയവയും കോഴ്സിന്റെ ഭാഗമാണ്. പത്താംക്ലാസ് പാസായ 18നു മുകളിൽ പ്രായമുള്ളവർക്ക് ചേരാം. പാസ്പോർട്ട് നിർബന്ധമാണ്. 42,952 രൂപയാണ് ഫീസ്. ഫോൺ: 9495999623, 9495999709.

ലൈസൻസ് നിർബന്ധം

ഡ്രോണുകൾ പറപ്പിക്കുന്നതിന് ഡിജിസിഎ ലൈസൻസ് ആവശ്യമാണെങ്കിലും സംസ്ഥാനത്ത് നിയമവിരുദ്ധമായി ഡ്രോൺ ഉപയോഗിക്കുന്നത് വർധിച്ചുവരികയാണ്. വിവാഹങ്ങളിലടക്കം ലൈസൻസിലാത്തവർ ഡ്രോൺ ഫോട്ടോഗ്രഫി/ വീഡിയോഗ്രഫി ചെയ്യുന്നത് വ്യാപകമാണ്. ഇതിന്റെ അപകടങ്ങളെക്കുറിച്ചും കോഴ്സിൽ പ്രതിപാദിക്കും.

എന്തിനും ഏതിനും ഡ്രോൺ

രാജ്യസുരക്ഷമുതൽ ഡെലിവറിവരെ വിവിധ സേവനങ്ങൾക്ക് ഡ്രോൺ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. ആകാശ നിരീക്ഷണം, രക്ഷാപ്രവർത്തനം, ട്രാഫിക് നിരീക്ഷണം, കാലാവസ്ഥാ നിരീക്ഷണം, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, കൃഷി എന്നിങ്ങനെ ഡ്രോൺ ഉപയോഗപ്പെടുത്തുന്ന ഔദ്യോഗിക, അനൗദ്യോഗിക ആവശ്യങ്ങൾ ഏറെ. എന്നാൽ, ഡിജിസിഎയുടെ അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നില്ല. ഡ്രോൺ സാങ്കേതികവിദ്യയുടെ വളർച്ച വരും വർഷങ്ങളിൽ 80,000ൽ അധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ. അതിനാൽ, അസാപ്പിന്റെ പുതിയ കോഴ്സ് നിരവധിപേരെ ആകർഷിക്കും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തും ഡ്രോൺ പറപ്പിക്കാം.

കേരള സർവകലാശാല കലോത്സവം

നന്ദകിഷോർ കലാപ്രതിഭ, സേതുലക്ഷ്മി തിലകം

അമ്പലപ്പുഴ

കലാതിലകം കെ എസ് സേതുലക്ഷ്മി , കലാരത്ന നൈനിക മുരളി , കലാപ്രതിഭ നന്ദ കിഷോർ

കന്നി കലോത്സവത്തിൽ കലാപ്രതിഭപട്ടവുമായി നന്ദകിഷോറും കഴിഞ്ഞവർഷം നഷ്ടമായ കലാതിലകം തിരിച്ചുപിടിച്ച് സേതുലക്ഷ്മിയും കേരള സർവകലാശാല കലോത്സവത്തിലെ താരങ്ങളായി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ ബിഎ ഇംഗ്ലീഷ് വിദ്യാർഥി നന്ദകിഷോർ കേരളനടനം, കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, നാടോടിനൃത്തം എന്നിവയിൽ ഒന്നാമതെത്തി. പ്രച്ഛന്നവേഷത്തിൽ രണ്ടാംസ്ഥാനവും നേടി. വ്യക്തിഗത ഇനത്തിൽ 33 പോയിന്റ് സ്വന്തമാക്കി. അഹൻ ജിസനിൽകുമാറും അമ്മ എം ജിഷ രാഘവും സഹോദരൻ നന്ദികേശും നർത്തകരാണ്. ഇവർ വീട്ടിൽ ശ്രീനടരാജ് ഡാൻസ് അക്കാദമി നടത്തുന്നു.

ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ അവസാനവർഷ ബികോം വിദ്യാർഥിനിയാണ് സേതുലക്ഷ്മി. കേരളനടനം, കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, നാടോടിനൃത്തം എന്നിവയിൽ ഒന്നാംസ്ഥാനവും ഭരതനാട്യത്തിന് രണ്ടാംസ്ഥാനവും സ്വന്തമാക്കി. 33 പോയിന്റ് നേടിയാണ് മികവുപുലർത്തിയത്. ചേർത്തല മുട്ടത്തിപ്പറമ്പ് കരിക്കാട് കാച്ചിക്കാട്ട് വീട്ടിൽ കെ എം സന്തോഷ്കുമാറിന്റെയും രശ്മി കുമാറിന്റെയും മകളാണ്. സഹോദരൻ: ഗോകുൽ കൃഷ്ണ.

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ഈവർഷം ഏർപ്പെടുത്തിയ കലാരത്ന പുരസ്കാരത്തിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ വിദ്യാർഥി നൈനിക മുരളി അർഹയായി. ട്രാൻസ്ജെൻഡർ വിഭാഗത്തിലെ ഏക മത്സരാർഥിയാണ്. രംഗോലി, കുച്ചിപ്പുടി, ശാസ്ത്രീയസംഗീതം, ലളിതസംഗീതം എന്നിവയിൽ ഒന്നാംസ്ഥാനം നേടി.

ഒരുചുവടകലെ മരണം; ഒടുവിൽ ആശ്വാസതീരത്ത്

എം സനോജ്

ഒറ്റപ്പാലം

"കലാപകാരികൾ സർവകലാശാല ഗേറ്റ് തകർത്തതോടെ എല്ലാവരും ഭീതിയിലായി. ലൈറ്റുകൾ അണച്ച് മിണ്ടാതെ മുറികൾക്കുള്ളിൽ ശ്വാസമടക്കി ഇരുന്നു. ശബ്ദം കേട്ടാൽ അവർ അകത്തെത്തും. കൈയിൽപ്പെട്ടാൽ ജീവൻ നഷ്ടപ്പെടാനും സാധ്യത. മരണത്തെ മുന്നിൽക്കണ്ട നിമിഷങ്ങൾ. മുഖ്യമന്ത്രി പിണറായി വിജയന്റെയും നോർക്കയുടെയും ഇടപെടലാണ് രക്ഷയായത്". മണിപ്പൂരിൽ നിന്ന് രക്ഷപ്പെട്ട് നാട്ടിലെത്തിയ സി എസ് ഷഹ്‌ലയുടെ ഭീതി മാറിയിട്ടില്ല.

"ആദ്യം മണിപ്പൂർ സർവകലാശാല ഹോസ്റ്റലിലാണ് താമസിച്ചിരുന്നത്. കലാപകാരികൾ എത്തിയതോടെ സർവകലാശാല കെട്ടിടത്തിലായി. നാലാം തീയതി വൈകിട്ടാണ് സർവകലാശാലയുടെ ഗേറ്റ് തകർത്തത്. സംസാരിക്കാൻ പോലും പറ്റില്ലായിരുന്നു. പുറത്ത് ബഹളം കേട്ടാൽ കെട്ടിടത്തിന്റെ മുകളിൽ ഒളിച്ചിരിക്കും. വീട്ടിൽനിന്ന് വിളിച്ചാലും ഫോൺ എടുക്കാൻ കഴിയാത്ത അവസ്ഥ. രണ്ടുദിവസം കൂടി താമസിച്ചിരുന്നെങ്കിൽ ഭക്ഷണവും വെള്ളവും കിട്ടാത്ത സ്ഥിതിയുണ്ടാകുമായിരുന്നു. രണ്ടുനേരം മാത്രമായിരുന്നു ഭക്ഷണം. ചിലർക്ക് മാത്രമാണ് കുളിക്കാൻ വെള്ളം ലഭിച്ചിരുന്നത്"– ഷഹ്‌ല പറഞ്ഞു.

സി എസ് ഷഹ്‌ല

മണിപ്പൂരിൽ നിന്ന് കൊൽക്കത്തെ വഴിയാണ് ബംഗളൂരുവിലെത്തിയത്. അവിടെനിന്ന് ബസ്സിൽ നാട്ടിലെത്തി. പഴയലക്കിടി ചെറുച്ചിയിൽ സെയ്ത് മുഹമ്മദിന്റെയും ഷെറിനയുടെയും മകൾ സി എസ് ഷഹ്‌ല മണിപ്പൂർ സർവകലാശാലയിലെ ഒന്നാം വർഷ പിജി സൈക്കോളജി വിദ്യാർഥിയാണ്. ഡിസംബറിലാണ് പോയത്. പരീക്ഷ കഴിഞ്ഞ് ജൂണിൽ വരാനിരിക്കുമ്പോഴാണ് കലാപം.

മണിപ്പുരിൽ മരണം 60

ന്യൂഡൽഹി

മണിപ്പൂർ കലാപത്തിൽ ജീവൻ നഷ്ടപ്പെട്ടത് 60 പേർക്കെന്ന് സംസ്ഥാന സർക്കാർ. 231 പേർക്ക് ഗുരുതരമായി പരിക്കേറ്റു. വീടുകളും ആരാധനാലയങ്ങളും അടക്കം 1700 കെട്ടിടം കത്തിച്ചു. അമ്പതിനായിരത്തോളം പേർ അഭയാർഥി ക്യാമ്പുകളിലാണ്. കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപ വീതവും സഹായധനം നൽകുമെന്ന് മുഖ്യമന്ത്രി എൻ ബീരേൻസിങ് അറിയിച്ചു. വീടുകൾ നഷ്ടമായവർക്കും സഹായം നൽകും.

എല്ലാ അഭയാർഥിക്യാമ്പുകളിലും പക്ഷപാതമില്ലാതെ ദുരിതാശ്വാസസാമഗ്രികൾ എത്തിക്കണമെന്ന് ഇടതുപക്ഷ പാർടി നേതാക്കൾ ഗവർണർ അനസൂയ ഉയ്ക്കെയെ കണ്ട് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് സമാധാനവും സാഹോദര്യവും പുനഃസ്ഥാപിക്കാൻ ഗവർണർ ഇടപെടണമെന്നും അവർ ആവശ്യപ്പെട്ടു. സിപിഐ എം സംസ്ഥാന സെക്രട്ടറി ക്ഷത്രിമയും അടക്കമുള്ളവരാണ് ഗവർണറെ സന്ദർശിച്ചത്. അതിനിടെ, ഏതെങ്കിലും പ്രത്യേക സമുദായത്തിന് പട്ടികവർഗ പദവി നൽകണമെന്ന് നിർദേശിക്കാൻ ഹൈക്കോടതിക്ക് അധികാരമില്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. മണിപ്പൂരിലെ മെയ്ത്തീ സമുദായത്തിന് പട്ടികവർഗ പദവി നൽകണമെന്ന് ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതിനെതിരെ നൽകിയ ഹർജികളിന്മേലാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന്റെ ഇടപെടൽ.

ഒരു ചീറ്റകൂടി ചത്തു

ഭോപാൽ

ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിലെത്തിച്ച ഒരു ചീറ്റകൂടി ചത്തു. മധ്യപ്രദേശിലെ കുനോ ദേശീയ ഉദ്യാനത്തിലെ ദക്ഷ എന്ന പെൺചീറ്റയാണ് ചത്തത്. ആൺചീറ്റയുമായുണ്ടായ ഏറ്റുമുട്ടലാണ് മരണകാരണമെന്ന് അറിയുന്നു. ആൺ ചീറ്റയെ പരിക്കുകളോടെ കണ്ടെത്തിയെന്ന് മധ്യപ്രദേശ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ജെ എസ് ചൗഹാൻ പറഞ്ഞു.

മൂന്നു മാസത്തിനിടെ മൂന്നാമത്തെ ചീറ്റയാണ് ഇവിടെ ചാകുന്നത്. നമീബിയയിൽ നിന്നെത്തിച്ച സാഷ എന്ന പെൺചീറ്റ മാർച്ചിലും ദക്ഷിണാഫ്രിക്കയിൽ നിന്നെത്തിച്ച ഉദയ് എന്ന ആൺ ചീറ്റ ഏപ്രിലിലും അസുഖംമൂലം ചത്തു.

സെപ്തംബർ 17ന് നമീബിയയിൽനിന്നാണ് ഇന്ത്യയിലേക്ക് എട്ടു ചീറ്റകളുടെ ആദ്യ സംഘത്തെ എത്തിച്ചത്. ഫെബ്രുവരിയിലാണ് ദക്ഷയടക്കം 12 ചീറ്റകളെ എത്തിച്ചത്. എട്ട് പെൺചീറ്റകളും ഒമ്പത് ആൺചീറ്റകളുമാണ് ഇനി ഇന്ത്യയിലുള്ളത്.

ഓർമ്മകളിൽ 1 വർഷം
(10-05-2023)

എം.പി. കൃഷ്ണൻ
(Rtd. PWD)
TC 3/589, മുട്ടട, തിരുവനന്തപുരം.
സ്നേഹസ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ

നുണപ്രചാരണം ജനം പുച്ഛിച്ച് തള്ളും: എം വി ഗോവിന്ദൻ

പ്രത്യേക ലേഖകൻ

ചെറുകുന്ന് (കണ്ണൂർ)

കഴിഞ്ഞദിവസം വാർത്താസമ്മേളനത്തിൽ വസ്തുതകൾ നിരത്തി വിഷയം അവതരിപ്പിച്ചപ്പോൾ മാധ്യമപ്രവർത്തകർക്ക് ഉത്തരം മുട്ടി

സംസ്ഥാന സർക്കാരിനും മുഖ്യമന്ത്രി പിണറായി വിജയനുമെതിരെ പ്രതിപക്ഷം നടത്തുന്ന നുണപ്രചാരണങ്ങൾ ജനങ്ങൾ പുച്ഛിച്ച് തള്ളുമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് സർക്കാരിന്റെ ശോഭ കെടുത്താമെന്നത് വ്യാമോഹം മാത്രമാണെന്നും സംസ്ഥാന സർക്കാർ വാർഷികത്തോടനുബന്ധിച്ച എൽഡിഎഫ് കല്യാശേരി മണ്ഡലം റാലി ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശനും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഓരോ ദിവസവും പരസ്പരവിരുദ്ധവും വസ്തുതാരഹിതവുമായ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഇതിൽ ഒരു രൂപയുടെ പോലും അഴിമതി നടന്നിട്ടില്ല. സംസ്ഥാന സർക്കാരിന് നയാപൈസ ചെലവില്ലാത്ത പദ്ധതിയാണിത്. 232 കോടിയാണ് ആകെ ചെലവ്. ഇതിൽ 132 കോടിയുടെ അഴിമതിയെന്നാണ് ചെന്നിത്തല പറയുന്നത്. നൂറു കോടിയെന്ന് സതീശനും. ഇവർ ഓരോ ദിവസവും ഉണ്ടാക്കുന്ന നുണകൾ ഏറ്റുപിടിച്ച് വലതുപക്ഷ മാധ്യമങ്ങളും കെട്ടുകഥകൾ മെനയുന്നു.

കഴിഞ്ഞദിവസം വാർത്താസമ്മേളനത്തിൽ വസ്തുതകൾ നിരത്തി വിഷയം അവതരിപ്പിച്ചപ്പോൾ മാധ്യമപ്രവർത്തകർക്ക് ഉത്തരം മുട്ടി. രാജ്യത്ത് ഇത്രയും സുതാര്യമായി ഇത്തരം പദ്ധതി നടപ്പാക്കുന്ന മറ്റൊരു സംസ്ഥാനവുമില്ല. 232.25 കോടിയുടെ പദ്ധതിയിൽ 142 കോടി സ്ഥാപിത ചെലവാണ്. 56.24 കോടി അഞ്ചുവർഷത്തെ സകല പ്രവർത്തനങ്ങളുടെയും ചെലവ്. 35.76 കോടി ജിഎസ്ടി. ഇതിൽ എവിടെയാണ് അഴിമതി.

ഉമ്മൻചാണ്ടിയുടെ ഭരണകാലത്ത് ഇതിലും വലിയ തുകയ്ക്കാണ് കാമറകൾ സ്ഥാപിച്ചത് എന്നും കാണണം. ഉപകരാർ നൽകിയതാണ് വലിയ ആക്ഷേപമായി പറയുന്നത്. ഉമ്മൻചാണ്ടിയുടെ കാലത്തും കെൽട്രോൺ പദ്ധതികൾ നടപ്പാക്കിയത് ഉപകരാർ നൽകിയാണ്.

രാഷ്ട്രീയ അഴിമതി പൂർണമായും ഇല്ലാതാക്കിയ സർക്കാരാണിത്. ഇതിനെ പുകമറ സൃഷ്ടിച്ച് തകർക്കാമെന്ന് നോക്കേണ്ട. ഭവനരഹിതരില്ലാത്ത കേരളം, അഭ്യസ്തവിദ്യർക്കെല്ലാം തൊഴിൽ, ആരോഗ്യസംരക്ഷണം, വിജ്ഞാന സമൂഹം തുടങ്ങിയ മേഖലകളിൽ മുന്നേറുന്ന സർക്കാരാണിതെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

ഇംപ്രൂവ്മെന്റ് പരീക്ഷ: തീരുമാനം പുനഃപരിശോധിക്കണം

കോഴിക്കോട്

പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ വർഷാവസാന പരീക്ഷയോടൊപ്പം നടത്താനുള്ള തീരുമാനം ഈ അധ്യയന വർഷം നടപ്പാക്കരുതെന്ന് ഹയർ സെക്കൻഡറി ജേർണലിസം ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. മാധ്യമ പ്രവർത്തക മനില സി മോഹൻ ഉദ്ഘാടനം ചെയ്തു. എം സന്തോഷ് കുമാർ, എ കെ മധു, അമീൻ പൊട്ടഞ്ചിറ, ഇസ്മായിൽ വാണിമേൽ, എം കെ മുഹമ്മദലി എന്നിവർ സംസാരിച്ചു. കെ കെ ഷൗക്കത്ത് നന്ദി പറഞ്ഞു.

ഭാരവാഹികൾ: ഡോ. പി എക്സ് റോയ് തോമസ് (പ്രസിഡന്റ്), അരുൺ തോമസ്, കെ ആർ ബൈജു, ആദർശിനി ഗോപിനാഥ് (വൈസ് പ്രസിഡന്റുമാർ), ഡോ. എസ് സിന്ധു (ജനറൽ സെക്രട്ടറി), സുജിത് നെല്ലേരി, രമ്യ പൊട്ടങ്കി, ബി സജി (ജോയിന്റ് സെക്രട്ടറിമാർ), കെ വി സനൂപ് (ട്രഷറർ).

വാർഷിക സമ്മേളനം

കൊച്ചി

ഓൾ ഇന്ത്യ ഒഫ്താൽമോളജിക്കൽ സൊസൈറ്റി 81–ാം വാർഷിക സമ്മേളനം 11 മുതൽ 14 വരെ കൊച്ചി ലുലു ബോൾഗാട്ടി കൺവൻഷൻ സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.



RNI Reg. No. 44790/90. Vol. XXXV No.123 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com